# പത്രക്കുറിപ്പ്

കേരള സംസ്ഥാന കയർ കോർപറേഷൻ ലിമിറ്റഡിൽ സിസ്റ്റം അനലിസ്റ്റ് (പട്ടികവർഗ്ഗക്കാർക്ക് മാത്രം) (Category No. 538/2017) തസ്തികയുടെ അഭിമുഖം 20-11-2020 ന് രാവിലെ 09.30 മണിക്ക് പട്ടത്തുള്ള പി എസ് സി ആസ്ഥാന ഓഫീസിൽ വച്ച് നടത്തുന്നു. അഭിമുഖത്തിന് മുന്നോടിയായുള്ള പ്രമാണ പരിശോധന അന്നേ ദിവസം രാവിലെ 8.00 മണിക്ക് നടത്തുന്നതിനാൽ ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ്, ഐഡന്റിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും One Time Verification Certificate ഉം സഹിതം പട്ടത്തുള്ള പി എസ് സി യുടെ ആസ്ഥാന ഓഫീസിൽ ഹാജരാകേണ്ടതാണ്. കോവിഡ് -19 രോഗവ്യാപന ഭീതി നില നിൽക്കുന്നതിനാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ ഓഫീസ് പരിസരത്തു പ്രവേശിക്കാൻ പാടുള്ളൂ. ഗൾഫ് /അന്യ സംസ്ഥാനത്തു നിന്ന് വന്നിട്ടുള്ളവർ, ക്വാറന്റൈൻ കാലാവധിയുൾപ്പെടെ മറ്റു രോഗബാധയുള്ളവർക്കും, അത്തരം അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർഥികൾക്ക് അഭിമുഖ തീയതി മാറ്റി നൽകും. കൂടാതെ ഹോട്ട് സ്പോട്ട്, കണ്ടൈൻമെന്റ് സോൺ എന്നിവിടങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും അഭിമുഖ തീയതി അവരവരുടെ അപേക്ഷ പ്രകാരം മാറ്റി നൽകുന്നതാണ്. (ഇന്റർവ്യൂ തീയതിക്കകം അപേക്ഷ ഈ ഓഫീസിൽ ലഭിച്ചിരിക്കണം). അഭിമുഖത്തിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ പി എസ് സി യുടെ വെബ് സൈറ്റിൽ നിന്നും കോവിഡ് -19 ചോദ്യാവലി download ചെയ്തു പൂരിപ്പിച്ചു upload ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in ൽ ലഭ്യമാണ്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റുകൾ കമ്മീഷന്റെ വെബ് സൈറ്റിൽ നിന്ന് അവരവരുടെ user id , password എന്നിവ ഉപയോഗിച്ച് സ്വന്തം പ്രൊഫൈലിൽ നിന്ന് download ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് വിവരം profile message ആയും രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേയ്ക്ക് SMS ആയും നൽകിയിട്ടുണ്ട് .